(ബി) നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിക്കുമോ ;

(സി) ഉല്പാദനച്ചെലവിന് അനുസൃതമായി സംഭരണവില നിശ്ചയിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ&ബി) സപ്ലൈകോ നിലവിൽ 19 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. കേരളത്തിൽ, രാജ്യത്തെ ഏറ്റവും ഉയർന്ന സംഭരണ വിലയാണ്. നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം നിലവിൽ പരിഗണനയിലില്ല.

(സി) ഉല്പാദന ചെലവിനനുസൃതമായിട്ടാണ് Commission for Agricultural Cost & Prices ശിപാർശ ചെയ്തിട്ടുള്ളതും സർക്കാർ സംഭരണവില നിശ്ചയിച്ചിട്ടുള്ളതും.

പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് റേഷൻകാർഡ്

116 (2611) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വർഷങ്ങളായി പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് റേഷൻകാർഡ് നൽകാൻ നിലവിൽ സംവിധാനമുണ്ടോ ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ?

ഉത്തരം

ഉണ്ട്. പുറമ്പോക്കിലും മിച്ചഭൂമിയിലും കുടിലുകെട്ടി താമസിക്കുന്ന ഭൂരഹിതരായ അപേക്ഷകർ താമസിക്കുന്ന സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഡ് മെമ്പറിൽനിന്നുംലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർ/താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ആഫീസർ ആവശ്യമായ പരിശോധന നടത്തിയശേഷം താൽക്കാലിക കാർഡ് അനുവദിക്കുന്ന സമ്പ്രദായം 26-4-2003 മുതൽ നിലവിലുണ്ട്.

പാരിപ്പള്ളി കേന്ദ്രമാക്കി പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോർ

117 (2613) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പാരിപ്പള്ളി കേന്ദ്രമാക്കി പുതിയ സപ്ലൈകോ മെഡിക്കൽസ്റ്റോർ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ ;

(സി) ആയതിന്റെ പ്രാരംഭ നടപടികൾ സ്വീകരിക്കേണ്ടത് ആരാണ് ;

(ഡി) സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ഇടങ്ങാനിരിക്കുന്ന ഈ പ്രദേശത്ത് മെഡിക്കൽസ്റ്റോർ ആരംഭിക്കുന്നതിന് കാലതാമസം വരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) മെഡിക്കൽസ്റ്റോർ ആരംഭിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) ആരംഭിച്ചിരുന്നു.

(ബി) പുതിയ മെഡിക്കൽസ്റ്റോർ ആരംഭിക്കുന്നതിനായി 342 ച. അടി വിസ്തീർണ്ണമുള്ള KP 407 C നമ്പർ കടമുറി കണ്ടെത്തിയിരുന്നുവെങ്കിലും ഉടമസ്ഥൻ ആവശ്യപ്പെട്ട വാടകനിരക്ക് വളരെ കൂടുതലായതിനാൽ കെട്ടിടം വാടകയ്ക്ക് എടുക്കുവാൻ കഴിഞ്ഞില്ല. പിന്നീട് 140 ച. അടി വിസ്തീർണ്ണമുള്ള മറ്റൊരു കടമുറി കണ്ടെത്തിയിരുന്നുവെങ്കിലും ഉടമസ്ഥൻ ആവശ്യപ്പെട്ട വാടക സപ്ലൈകോ അംഗീകരിച്ച നിരക്കിന്റെ ഇരട്ടിയാണ്. പഞ്ചായത്ത് അധികാരികളുടെയും സാമൂഹിക പ്രവർത്തകരുടെയും സഹായത്തോടെ അനുയോജ്യമായ കെട്ടിടം കണ്ടെത്താനുള്ള ശ്രമം തുടർന്നുവരുന്നു.

(സി) പാരിപ്പള്ളിയിൽ പുതിയ മെഡിക്കൽസ്റ്റോർ ആരംഭിക്കുന്നതിന് കൊല്ലം ജില്ലാ സപ്ലൈകോ ഡിപ്പോ മാനേജർ ആണ് സപ്ലൈകോതലത്തിൽ പ്രാരംഭ നടപടികൾ സ്വീകരിക്കുന്നത്.

(ഡി) ഇല്ല.

(ഇ) പാരിപ്പള്ളിയിൽ പുതിയ മെഡിക്കൽസ്റ്റോർ ആരംഭിക്കുന്നതിനുള്ള പ്രധാന തടസ്സം സപ്ലൈകോയുടെ നിബന്ധനകൾക്ക് വിധേയമായി അനുയോജ്യമായ കെട്ടിടം ലഭ്യമല്ല എന്നുള്ളതാണ്. സ്ഥലത്തെ സാമൂഹിക പ്രവർത്തകരുമായും പഞ്ചായത്ത് അധികൃതരുമായും ബന്ധപ്പെട്ട് സപ്ലൈകോ മാനദണ്ഡങ്ങൾക്കനുസൃതമായി അനുയോജ്യമായ കെട്ടിടം കണ്ടെത്താൻ റീജിയണൽ മാനേജർക്കും ഡിപ്പോ മാനേജർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് പാരിപ്പള്ളിയിൽ മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly